# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4985 | 22.05.2017-ന് മറുപടിയ്ക്ക്

## സ്കൂൾ കെട്ടിടങ്ങളുടെയും സ്കൂൾ ബസുകളുടെയും ഫിറ്റ്നസ് പരിശോധന

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ആർ. രാമചന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| അധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പായി സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന പൂർത്തീകരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വകുപ്പ് ശേഖരിക്കാറുണ്ടോ; വിശദീകരിക്കുമോ; | അധ്യയനവർഷം ആരംഭിക്കുന്നതിന് മുമ്പായി സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എയ്ഡഡ്/അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ ബന്ധപ്പെട്ട മാനേജ്മെന്റും നിർവ്വഹിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ്/ അംഗീകൃത സ്വകാര്യ സ്കൂൾ കെട്ടിടങ്ങളും പരിശോധിച്ച് സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തെങ്കിലും സ്കൂൾ ഉപയോഗയോഗ്യമല്ലാത്തതോ, ജീർണ്ണാവസ്ഥയിലുള്ളതോ, മഴക്കാലത്ത് പഠനപ്രവർത്തനം നടത്താനാവാത്തതോ ആയി പരിശോധനയിൽ കണ്ടെത്തുന്നപക്ഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ അധികാരികളുടെയോ അടിയന്തിര സാഹചര്യം നിലനിൽക്കുന്ന വിഷയങ്ങൾ ജില്ലാ കളക്ടറുടെയോ ശ്രദ്ധയിൽകൊണ്ടുവന്ന് അപാകതകൾ പരിഹരിച്ച് വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഫിറ്റ്നസ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങളിൽ ക്ലാസ് നടത്തരുതെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന പൂർത്തീകരിച്ച് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ സാക്ഷ്യപ്പെടുത്തുകയും ഇതുസംബന്ധിച്ച റിപ്പോർട്ട് വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശേഖരിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ